"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം
(ഹാജർ: എസ്.വാഹിദ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. എ3/15953/12-ാം നമ്പർ 23.01.13-ലെ നടപടിക്രമം.

2. എ3/13106/12-ാം നമ്പർ 05.02.13-ലെ നടപടിക്രമം.

## ഉത്തരവ് നമ്പർ: എ3/15953/12 തീയതി:06.02.2013

പരാമർശം (2) -ലെ ഉത്തരവ് പ്രകാരം കൊല്ലം (വനിത) ഐ.ടി.ഐ.യിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീമതി. എ.സുലോചനയ്ക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത് മൂലം വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് ഉണ്ടായിട്ടുണ്ട്.

പരാമർശം (1) -ലെ ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്ന ശ്രീ. രാജശേഖരൻ, യു.ഡി. ക്ലാർക്കിന് ടി ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് കൊല്ലം (വനിത) ഐ.ടി.ഐ.-യിലും ശ്രീമതി. രാജ' രാജേശ്വരി, യു.ഡി. ക്ലാർക്കിന് ടിയാളുടെ ശാരീരിക അവശത പരിഗണിച്ച് കഴക്കൂട്ടം (വനിത) ഐ.ടി.ഐ. യിലും, പള്ളിക്കത്തോട് ഐ.ടി.ഐ. യിലെ ഹെഡ് ക്ലാർക്കായ ശ്രീമതി ഷൈലയെ ചെങ്ങന്നൂർ ഐ.ടി.ഐ. യിൽ ഒഴിവുള്ള ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കും സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

യു.ഡി. ക്ലാർക്കുമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റിൽ അടുത്തതായി ഹെഡ്ക്ളാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടത് ക്രമനം.197 കളമശ്ശേരി ഐ.ടി.ഐ.-യിലെ യുഡി.ക്ലാർക്കായ ശ്രീ.എൻ.എ. ശശീന്ദ്രനാണ്. ടിയാന് കെ.എസ്.&എസ്.എസ്.ആർ-ലെ പൊതുചട്ടം 28(ബി)(II) പ്രകാരം 14,620-25,280 രൂപാ ശബള സ്കെയിലിൽ ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി പള്ളിക്കത്തോട് ഐ.ടി.ഐ.-യിൽ നിയമിച്ച് ഉത്തരവാകുന്നു. ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ടി തസ്തികയിൽ

J/07/02/2013

മറുപുറം

സേവനത്തിൽ പ്രവേശിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം സേവനം ചെയ്ത് പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ 26.02.11-ലെ ജി.ഒ.(പി)നം.85/2011/ഫിൻ പ്രകാരമുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :-1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2. എസ്.എഫ് (എ3)

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

J/07/02/2013

സേവനത്തിൽ പ്രവേശിയ്ക്കുന്ന തീയതി മുതൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം സേവനം ചെയ്ത് പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ 26.02.11-ലെ ജി.ഒ.(പി)നം.85/2011/ഫിൻ പ്രകാരമുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :-1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2. എസ്.എഫ് (എ3)

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

J/07/02/2013